കേരള സർക്കാർ

നമ്പർ:അക്കൗണ്ട്സ്.ബി1/70//2017/ധന

ധനകാര്യ (അക്കൗണ്ട്സ്.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 12/10/2018
ഫോൺ- 0471-2518112, 2518132

## ലേല നോട്ടീസ്

ധനകാര്യ വകുപ്പിലെ ഉപയോഗശൂന്യമായ താഴെ പറയുന്ന സാധനങ്ങൾ , 29-10-2018 ന് തിങ്കളാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് ധനകാര്യ (ഭരണം - അക്കൗണ്ട്സ് )ജോയിന്റ് സെക്രട്ടറിയുടെ ചേംബറിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നു.

| നമ്പർ | വിവരണങ്ങൾ | കിലോഗ്രാം |
|---|---|---|
| 1 | അലുമിനിയം | 160.5 |
| 2 | പി.എൽ. ബി. ഷീറ്റ് | 50 സ്ക്വയർ മീറ്റർ |
| 3 | പി. വി. സി | 25 |

ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ഓഫീസ് പ്രവർത്തിദിനങ്ങളിൽ ഉച്ചയ്ക്ക് 3 മണി മുതൽ 5 വരെ സാധനങ്ങൾ പരിശോധിക്കുവാൻ അവസരമുണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് ഹാജരായി നിരതദ്രവ്യം ഇനത്തിൽ 500/- രൂപ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (ആധാർ കാർഡ്/വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ലേലം അവസാനിക്കുന്ന മുറയ്ക്ക് ഏറ്റവും കൂടുതൽ തുക വിളിച്ച വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിയ്ക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം തുകയുടെ രണ്ടിൽ ഒരു ഭാഗം ( നിരതദ്രവ്യം ഉൾപ്പെടെ) ലേല സ്ഥലത്തുവച്ച് അടയ്ക്കേണ്ടതും , ബാക്കി തുക 3 ദിവസത്തിനകം ഒടുക്കി സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 11.30-ന് ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നുമുതൽ മൂന്ന് വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കിനൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേല നടപടി റദ്ദ് ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

**മിനി. വി. ആർ**

ജോയിന്റ് സെക്രട്ടറി

ധനകാര്യ (ഭരണം -അക്കൗണ്ട്സ് )വകുപ്പ്

6